ESTD. 1854

For Private Circulation
Volume 14 Issue 6
AUGUST 2022

# CSI St. PAUL'S CHURCH

## KUNNAMKULAM

(Out Stations : Talikulam & Kattakampal)

www.stpaulscsikunnamkulam.in

# Congratulations!

## PLUS 2 / PUC



ALANTA MARY



ALEENA YESUDAS



AMANTA MARY



SARAH KAROLINE MATHEW



GIFT ROY JOHN



ANUROOP JOEL

## SSLC



ALEENA ELIZABETH



JINI C. N.



JEMEEMA



JITHIN C. J.






JOBIN JOSE

**Motto : "എഴുന്നേറ്റ് പ്രകാശിക്ക; നിന്റെ പ്രകാശം വന്നിരിക്കുന്നു; യഹോവയുടെ തേജസ്സം നിന്റെ മേൽ ഉദിച്ചിരിക്കുന്നു."**
**യെശയ്യാവ് 60:1**

സ്നേഹമുള്ള ദൈവജനമേ, യേശുക്രിസ്തുവിൻ ധന്യനാമത്തിൽ എല്ലാവർക്കും സ്നേഹവന്ദനം രേഖപ്പെടുത്തുന്നു.

കഴിഞ്ഞ ന്യൂസ് ലെറ്ററിലൂടെ ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുന്ന വിഭവങ്ങളെ ഫലപ്രദമായി പ്രയോജനപ്പെടുത്തേണ്ടതിനെക്കുറിച്ച് നാം ചിന്തിച്ചു. ഈ പ്രാവശ്യം ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുന്ന ധനത്തിന്റെ ദൈവഹിതപ്രകാരമുള്ള വിനിയോഗത്തെക്കുറിച്ച് ചിന്തിക്കാം.

പഴയനിയമ പുസ്തകങ്ങളിൽ ഏറ്റവും അവസാനത്തേതാണ് മലാഖി പുസ്തകം. ചോദ്യോത്തര ശൈലിയിൽ ഗ്രന്ഥകാരൻ ദൈവഹിതത്തെ ലളിതമായി വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്. മനോഭാവങ്ങളുടെ രൂപാന്തരത്തിലൂടെ വ്യക്തത കൈവരുത്തി ദൈവത്തോടും മനുഷ്യനോടും നല്ല മനസാക്ഷി കൈവരിക്കുവാൻ സഹായിക്കുകയാണ് ഗ്രന്ഥകാരൻ ചെയ്യുന്നത്.

മലാഖി 3-ാം അദ്ധ്യായം 7 മുതൽ 12 വരെയുള്ള വാക്യങ്ങളിൽ ദൈവമക്കൾ ദശാംശം നൽകേണ്ടതിന്റെ പ്രാധാന്യത്തെകുറിച്ച് വ്യക്തമാക്കുന്നു. ''എന്റെ അടുക്കലേക്ക് മടങ്ങി വരുവിൻ; ഞാൻ നിങ്ങളുടെ അടുക്കലേക്ക് മടങ്ങി വരും എന്ന് സൈന്യങ്ങളുടെ യഹോവ അരുളി ചെയ്യുന്നു.'' വാക്യം 7. ദശാംശം എന്നു കേൾക്കുമ്പോൾ തന്നെ നിഷേധാത്മക സമീപനമാണ് ക്രിസ്ത്യാനികൾ ചില അവസരങ്ങളിലെങ്കിലും പ്രകടിപ്പിക്കാറ്. യഹോവ യിസ്രായേലിന് നൽകിയ ന്യായപ്രമാണത്തെ ഉപയോഗിച്ച് മോശെയും പുരോഹിതന്മാരും ചേർന്ന് യിസ്രായേൽ ജനത്തെ ഒരു തനതായ ജീവിതശൈലിയിലേക്ക് കൊണ്ടുവന്നു. യിസ്രായേൽ ജനത യാഗം അർപ്പിക്കുന്നതോടൊപ്പം ദശാംശം മുഴുവനും സമർപ്പിക്കുവാൻ നിയോഗിക്കപ്പെട്ടിരുന്നു. യേശു പറഞ്ഞു ''ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകൻമാരേയോ നീക്കേണ്ടതിനു വന്നു എന്ന് നിരൂപിക്കരുത്; നീക്കുവാനല്ല നിവൃത്തിപ്പാനത്രേ ഞാൻ വന്നത്'' (മത്തായി 5:17) ക്രിസ്തു ന്യായപ്രമാണത്തെ നിവർത്തിച്ചതിനാൽ ക്രിസ്ത്യാനികൾ ന്യാപ്രമാണത്തെ നിവർത്തിക്കേണ്ടവരാണ് എന്നതിന് സംശയം വേണ്ട.

| The Rev. Shibumon C K | Eva. K. J. Johnson | Mr. Abraham Lincoln | Mr. Saji Joseph |
|---|---|---|---|
| Vicar & Chairman | Church Worker | Hon. Secretary | Hon. Treasurer |
| Mob: 9744077022 | Mob: 9847804326 | Mob: 9847099899 | Mob: 7592026272 |

മലാഖി എഴുത്തുകാരൻ ദൈവത്തിന് നൽകേണ്ടവയെ നൽകി പരീക്ഷിക്കുവാൻ (3:8) ധൈര്യത്തോടെ പറയുന്നു. ജീവിതത്തിൽ ന്യായപ്രമാണം അനുസരിച്ച് അനുഗ്രഹം പ്രാപിച്ചതിന്റെ വെളിച്ചത്തിലാണ് എഴുത്തുകാരൻ ഇപ്രകാരം ധൈര്യത്തോടെ പ്രസ്താവിക്കുന്നത്.

ശാസ്ത്രിമാരും പരീശൻമാരും ചെയ്യുന്നതിന്റെ ഒരുപടി കൂടി മുന്നോട്ട് കടന്ന് പ്രവർത്തിക്കേണ്ടവരാണ് ക്രിസ്ത്യാനികൾ (മത്തായി 5:20) ഇതിന് മനോഭാവത്തിന് വളരെ പ്രാധാന്യം ഉണ്ട്. ക്രിസ്ത്യാനികൾ ക്രിസ്തുവിനെ അനുധാവനം ചെയ്യുമ്പോൾ മനോഭാവത്തിന് ചില രൂപാന്തരപ്പെടുത്തലും രൂപപ്പെടുത്തലും ആവശ്യമാണ്. പലപ്പോഴും മനോഭാവം പ്രവൃത്തിയുടെ ഫലത്തെ നിശ്ചയിക്കാറുണ്ട്. പൌലോസ് അപ്പോസ്തലന്റെ വാക്കുകളിൽ സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു. (2 കൊരിന്ത്യർ 9:7) സങ്കടത്തോടെ അരുത്; നിർബന്ധത്താലുമരുത്; (2 കൊരിന്ത്യർ 9:6) ദശാംശം മുഴുവനും ആലത്തിലേക്ക് കൊണ്ടുവരുവാൻ (മലാഖി 3:10) ദൈവമക്കൾ കടപ്പെട്ടവരാണ്. നമ്മുടെ കൈവശം ഉള്ളതിന്റെ ദശാംശം നമ്മുടേതല്ല എന്ന വ്യക്തമായ ഒരു തിരിച്ചറിവിന്റെ മനോഭാവം കൈവരിക്കാൻ കഴിഞ്ഞാൽ സന്തോഷത്തോടെ കൊടുക്കുവാൻ കഴിയും. സന്തോഷത്തോടെ കൊടുക്കാൻ കഴിയാത്തതു കൊണ്ടാണ് പലപ്പോഴും ക്രിസ്ത്യാനികൾക്ക് അനുഗ്രഹം പ്രാപിക്കുവാൻ കഴിയാതെ പോകുന്നത്. മാസവരിയും പിരിവുകളും ഇല്ലാതിരുന്ന യിസ്രായേൽ, യേശുക്രിസ്തുവിന്റെ കാലഘട്ടത്തിൽ നിന്നും വ്യത്യസ്തമായി ഇന്ന് സഭകൾ സ്ഥാപനവത്കരിക്കപ്പെട്ടിരിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്. ഇത്തരം സാഹചര്യത്തിൽ സന്തോഷത്തോടെ കൊടുക്കുവാൻ കഴിയുന്ന ഒരു ജീവിതശൈലി എങ്ങനെ നമുക്ക് രൂപപ്പെടുത്തുവാൻ കഴിയും എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

കുറച്ചു വർഷങ്ങളായി പ്രായോഗിക തലത്തിൽ ഞാൻ സ്വീകരിച്ചുവരുന്ന ഒരു സമീപനം പങ്കുവെക്കട്ടെ. ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കുവാനുള്ള പൌലോസിന്റെ വാക്കുകൾ ഞാൻ ഉൾക്കൊണ്ടു. യിസ്രായേൽ അനുഭവിച്ചതിനേക്കാൾ നന്മ അനുഭവിച്ച വ്യക്തി എന്ന നിലയിൽ ദൈവത്തോട് യിസ്രായേലിനേക്കാൾ ഒരു പടി കൂടി കടന്ന് പ്രവർത്തിക്കേണ്ട വ്യക്തിയാണ് ഞാൻ എന്ന് ആദ്യമേ എന്റെ മനസിനെ പഠിപ്പിച്ചു. ശാസ്ത്രിമാരുടേയും പരീശൻമാരുടേയും നീതിയെ കവിയാനുള്ള (മത്തായി 5:20) പരിശ്രമം തുടക്കത്തിൽ തന്നെ ആരംഭിച്ചു. എന്റെ കൈവശം വന്നു ചേർന്നതും എന്നാൽ 'എന്റേതല്ലാത്തതുമായ' ദശാംശവും ഞാൻ നിശ്ചയിച്ച നിശ്ചിത ശതമാനവും എന്റെ പഴ്സിൽ നിന്നും മാറ്റുവാൻ തീരുമാനി

ച്ചു. ദൈവത്തിനായി മറ്റൊരു പഴ്സ് തയ്യാക്കി. എപ്പോൾ ധനം കൈ വന്നാലും അപ്പോൾ തന്നെ എന്റെ പഴ്സിൽ നിന്നും മാറ്റി ദൈവത്തിന്റെ പഴ്സിൽ ആ നിശ്ചിത സംഖ്യ ഞാൻ സൂക്ഷിച്ചു. ഇതിൽ നിന്നും (എന്റേതല്ലെന്ന മനസ്സ് എപ്പോഴും ഉള്ളിൽ ഉണ്ട്) സന്തോഷത്തോടെയും നിശ്ചയിച്ചതുപോലെയും കൊടുക്കുവാൻ എനിക്ക് ഇന്നും കഴിയുന്നു. 'ദൈവത്തിന്റെ പഴ്സിൽ' പണം തീർന്നു പോകാത്തതിനാൽ എന്റെയും ഒരു ആവശ്യങ്ങൾക്കും ഇന്നുവരെയും പ്രയാസം വന്നിട്ടില്ല എന്നത് യാഥാർത്ഥ്യമാണ്. ഇത്തരത്തിൽ ഒരു സമീപനം സ്വീകരിച്ച് ആർക്കും അതിന്റെ നന്മ തിരിച്ചറിയുവാൻ കഴിയും എന്ന ഞാൻ ഉറപ്പുതരുന്നു.

പ്രിയമുള്ളവരേ, ദൈവ ശുശ്രൂഷയ്ക്കായ് സന്തോഷത്തോടെ, ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ നൽകി, ഏവർക്കും ആയതിന്റെ സന്തോഷം തിരിച്ചറിയുവാൻ പരിശുദ്ധാത്മാവ് സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ക്രിസ്തുവിൽ നിങ്ങളുടെ ശുശ്രൂഷകൻ
**റവ. ഷിബുമോൻ സി. കെ.**

---

# *Birthday in August*

| Date | Name |
|---|---|
| 1 | **ഗ്രേസി ഡേവിസ്, കൊട്ടിലിങ്ങൽ** |
| 3 | **ജോയി പയ്യൂർ** |
| 4 | **റിബിൻ ബാബു, പള്ളിപറമ്പിൽ** |
| 4 | **റീഹൻ ആൽബർട്ട്, അദിയുന്തൻ** |
| 4 | **അലൻ ജോ മാത്യു, പനമ്പള്ളി** |
| 5 | **ബീന ബോബൻ, ചോഴിയാറ്റിൽ** |
| 5 | **ജോജു കെ.ജെ. കുന്നത്ത്** |
| 6 | **അന്നമ്മ സൈമൺ, കൂത്തൂർ** |
| 7 | **ജോയൽ ഐവിൻ എബ്രഹാം, എളച്ചാട്ടിൽ** |
| 7 | **മരിയ ക്ലിന്റൺ, പള്ളിപറമ്പിൽ** |
| 9 | **വിജി ജോസഫ്, ഉന്നത്തുംപ്ലാക്കൽ** |
| 9 | **ജോഷി കിടങ്ങൻ** |
| 10 | **തങ്കമണി വില്യംസ്, കൊളത്തൂർ** |
| 12 | **അമന്റ മേരി അജിത്, എഴുത്തുപുരക്കൽ** |
| 12 | **അലന്റ മേരി അജിത് എഴുത്തുപുരക്കൽ** |
| 14 | **ഗ്ലാഡിസ് എബ്രഹാം, ആത്തപ്പള്ളി** |
| 16 | **നിഷസിജു, പള്ളിപ്പറമ്പിൽ** |

ജന്മദിനാശംസകൾ...



| | |
|---|---|
| 16 | വയലറ്റ് ജോൺ കുളങ്ങര |
| 20 | ഗ്ലോറി ജോൺസൺ, നെല്ലിത്തറ |
| 21 | ഷീജ ഷെറി, ചെറുവത്തൂർ |
| 22 | സൂസന്ന തോമസ് കളത്തിൽ |
| 22 | റോക്സൺ പനക്കുരുമ്പിൽ |
| 23 | ജോബ് ക്രിസ്റ്റി, പള്ളിപ്പറമ്പിൽ |
| 23 | എൽസി ജേക്കബ് മുല്ലത്തറ |
| 23 | ലിജോ ജോസഫ്, കൊയപ്പ |
| 25 | സോന മെറ്റിൽഡ സുധീർ |
| 29 | പ്രവീൺ ഇട്ടൂപ്പ് ഹെൻട്രി, കുന്നത്തുംകര |
| 29 | ഡോ. തോമസ് ജോർജ്ജ് പുത്തൻവീട്ടിൽ |
| 30 | നിഷാന്ത് പോൾ, എഴുത്തുപുരയ്ക്കൽ |
| 30 | ആൽവിൻ പോൾ, പുതുശ്ശേരി |

# *Wedding Anniversary in August*

18.08.2022 Mr. അജിത് ലൂക്ക് & Mrs. ഷമിത, എഴുത്തുപുരയ്ക്കൽ

19.08.2022 Mr. ജോസ്കുമാർ & Mrs. ലാജി, നെല്ലിത്തറ

*വിവാഹ വാർഷിക മംഗളങ്ങൾ...*

## വാർത്തകളും കുറിപ്പുകളും

### യുവജന ധ്യാനയോഗം

സി.എസ്.ഐ കൊച്ചിൻ മഹായിടവക തൃശ്ശൂർ പ്രാദേശിക യുവജന സഖ്യത്തിന്റെ ഏകദിന ധ്യാനയോഗം 13.08.2022 ന് നമ്മുടെ ദൈവാലയത്തിൽ ക്രമീകരിച്ചിരിക്കുന്നു. രാവിലെ 9.30 ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് ഭക്ഷണത്തോടെ പര്യവസാനിക്കുന്നതുമാണ്. ഇടവകയിലെ എല്ലാ യുവജനങ്ങളും ഈ ധ്യാനയോഗത്തിൽ പങ്കെടുക്കുക. സഭാംഗങ്ങൾ കടന്നുവന്ന് ക്രമീകരണങ്ങളിൽ സഹായിക്കുകയും ശുശ്രൂഷകളിൽ പങ്കെടുക്കുകയും ചെയ്യുക.

### ക്വയർ ഫുഡ് ഫെസ്റ്റ് 2022

ഇടവക ഗായക സംഘത്തിന്റെ പ്രവർത്തനങ്ങൾക്കായി ധനശേഖരണാർത്ഥം 07.08.2022 ന് ആരാധനയ്ക്കു ശേഷം ഒരു ഭക്ഷ്യമേള സംഘടിപ്പിക്കുന്നു. എല്ലാ സഭാമക്കളും വിഭവങ്ങൾ വാങ്ങി ഉപയോഗിച്ച് സഹകരിക്കുവാൻ അഭ്യർത്ഥിക്കുന്നു.

## ഇടവക ഫാമിലി രജിസ്റ്റർ

ഇടവക അംഗങ്ങളുടെ രജിസ്റ്റർ പുതുക്കുന്നതിനുള്ള ക്രമീകരണങ്ങൾ ആരംഭിച്ചു. കുടുംബരജിസ്റ്റർ, ഇടവക അംഗ ഡയറക്ടറി, ജന്മദിന - വിവാഹ വാർഷിക രജിസ്റ്റർ എന്നിവ കാലാനുസൃതമായി പുതുക്കുന്ന ഈ പ്രവർത്തനങ്ങളിൽ എല്ലാ ഇടവക അംഗങ്ങളും കൃത്യവും വ്യക്തവുമായ വിവരങ്ങൾ നൽകി സഹകരിക്കുക.

## ഇടവക അംഗത്വം

സി.എസ്.ഐ. സഭാംഗങ്ങൾ മഹായിടവക വിവാഹ നിയമത്തിന് വിരുദ്ധമായി വിവാഹബന്ധത്തിൽ ഏർപ്പെടുകയും എന്നാൽ സി.എസ്.ഐ സഭാംഗത്വം തുടരുന്നതിന് ആഗ്രഹിക്കുകയും ചെയ്യുന്നവർ സഭാംഗത്വത്തിലേക്ക് മടങ്ങി വരുന്നതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യുക. അല്ലാത്ത പക്ഷം ഇടവകയുടെ ശുശ്രൂഷകൾ ലഭിക്കുന്നതിന് തടസ്സങ്ങൾ നേരിടാൻ ഇടയാകും എന്ന് അറിയിക്കുന്നു.

## വാട്സാപ്പ് ഗ്രൂപ്പ്

കഴിഞ്ഞ ന്യൂസ് ലെറ്ററിൽ അറിയിച്ചതനുസരിച്ച് ഇടവകയുടെ ഔദ്യോഗിക വാട്സാപ്പ് ഗ്രൂപ്പ് ഓഗസ്റ്റ് മാസം രണ്ടാം വാരം പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇടവകയുടെ മാസവരി അംഗങ്ങളോ, അവരുടെ കുടുംബാംഗങ്ങളോ ഇടവകയുടെ അറിയിപ്പുകൾ ലഭിക്കുന്നതിനായും, ഗ്രൂപ്പ് അംഗങ്ങൾ ആകുന്നതിനും ഇടവകയുടെ വാട്സാപ്പ് നമ്പറായ 8296547933 എന്ന നമ്പറിലേകക് പേരും അഡ്രസ്സും സന്ദേശം അയയ്ക്കുക.

## കപ്യാർ വസതി

ഇടവകയുടെ കപ്യാർ വസതി അറ്റകുറ്റപണികൾ നടത്തി സംരക്ഷിച്ചു നിർത്തേണ്ടതുണ്ട്. അതിനുള്ള ജോലികൾ ആരംഭിച്ചു കഴിഞ്ഞു. നാശനഷ്ടങ്ങൾ വരാതെ സംരക്ഷിച്ചു നിലനിർത്തേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. പുനരുദ്ധാരണ പ്രവർത്തികൾക്ക് ആവശ്യമായ സാമ്പത്തിക പിന്തുണ അഭ്യർത്ഥിക്കുന്നു.

## ഗ്രീൻ പ്രോജക്ട്

ഗ്രീൻ പ്രോജക്ടിന്റെ ഭാഗമായി തെങ്ങിൻ തൈകൾ ജന്മദിന വിവാഹവാർഷിക, അതുപോലെ പ്രിയപ്പട്ടവരുടേയോ ഓർമ്മയ്ക്കായി ഇടവക വസ്തുവിൽ നട്ടുപരിപാലിച്ച് ഓർമ്മകളെ സജീവമാക്കുവാൻ കഴിയും. ഒരു തൈ നടുന്നതിന്റെ ചെലവ് ആയ 750/- രൂപ നൽകി ഈ സംരംഭത്തിന്റെ വിജയത്തിനായി ഏവർക്കും സഹകരിക്കാവുന്നതാണ്.

## ഇടവക ബാങ്ക് വിവരങ്ങൾ

ബാങ്കിലേക്ക് പണമയക്കുന്നവർ പേരും, ഏതിനത്തിൽ എന്നതും വ്യക്തമായി സന്ദേശം അയക്കുന്നതോടൊപ്പം അയച്ചതിന്റെ സ്ക്രീൻ ഷോട്ടും അയയ്ക്കുവാൻ ശ്രദ്ധിക്കുക. വാട്സാപ്പ് നമ്പർ - 8296547933.

**അക്കൗണ്ട് വിവരങ്ങൾ :**

**Federal Bank, Kunnamkulam Branch**
**Name : CSITA ST. Paul's CSI church**
**A/c. No: 13420100018196 IFSC : FDRL 0001342**

# ജൂൺ 2022 വരവ് - ചെലവുകൾ

| വരവ് | | | ചെലവ് | | |
|---|---|---|---|---|---|
| മുൻ മിച്ചം ബാങ്ക് | - | 72,406.05 | അഡ്വാൻസ് ട്രഷറർ | - | 2,254.00 |
| വസ്തുവക വരവ് | - | 23,150.00 | യാത്ര ചെലവ് | - | 200.00 |
| പൊതു വഴിപാട് | - | 22,730.00 | ബാങ്ക് ചെലവ് | - | 7.80 |
| സംഭാവന | - | 4,500.00 | പോസ്റ്റേജ് & സ്റ്റേഷനറി | - | 2,470.00 |
| സെമിത്രി ഫണ്ട് | - | 1,000.00 | വസ്തു ചെലവ് | - | 19,390.00 |
| ജന്മദിന വിവാഹ വാർഷിക വഴിപാട് | - | 10,700.00 | വൈദ്യുതി ചാർജ്ജ് | - | 4,314.00 |
| സ്തോത്ര വഴിപാട് | - | 1,500.00 | ചർച്ച് മെയിന്റനൻസ് | - | 433.00 |
| സ്നാന വഴിപാട് | - | 500.00 | സാധുസഹായം | - | 2,500.00 |
| മാസവരി സംഖ്യ | - | 14,100.00 | ലോക്കൽ അലവൻസ് | - | 9,435.00 |
| ദശാംശം | - | 19,300.00 | ശുചീകരണം | - | 4,922.00 |
| സണ്ടേസ്കൂൾ | - | 9,008.00 | കുടിവെള്ളം | - | 490.00 |
| ഗ്രീൻ പ്രൊജക്ട് | - | 10,000.00 | സീനിയർ പ്രെസ്ബിറ്റർ അലവൻസ് | - | 2,000.00 |
| ക്വയർ | - | 1,000.00 | കപ്യാർ സെറ്റിൽമെന്റ് | - | 47,025.00 |
| യൂത്ത് ഫെല്ലോഷിപ്പ് | - | 400.00 | 60% മഹായിടവകയിലേക്ക് | - | 33,990.00 |
| നികുതി ഡയോസിസിൽ നിന്ന് | - | 280.00 | 60% വസ്തുവരവ് | - | 180.00 |
| ഡയോസിസിൽ നിന്ന് വസ്തു ചെലവ് | - | 252.00 | സഭാമിത്രം | - | 1,000.00 |
| ബാങ്ക് പലിശ | - | 549.00 | പി.ബി.എഫ് | - | 3,145.00 |
| ഓഡിറ്റ് അഡ്ജെസ്റ്റ്മെന്റ് | - | 605.00 | പെൻഷൻ | - | 3,145.00 |
| ആകെ വരവ് | - | 1,91,980.05 | ഓഡിറ്റിംഗ് | - | 7,670.00 |
| | | | ആകെ ചെലവ് | - | 1,44,570.80 |
| | | | മിച്ചം ബാങ്ക് | - | 46,644.25 |
| | | | കൈവശം | - | 765.00 |
| | | 1,91,980.05 | | | 1,91,980.05 |

കുന്നംകുളം
27.07.2022

വികാരി | സെക്രട്ടറി | ട്രഷറർ

# PROGRAMME FOR AUGUST 2022

| | | | |
|---|---|---|---|
| 07.08.2022<br>9.30 am<br>വി.സ. | പെന്തെക്കോസ്തിന്<br>പിൻപ് ഒമ്പതാം ഞായർ<br>ദൗത്യനിർവ്വഹണം : എല്ലായിടത്തു<br>നിന്നും എല്ലായിടത്തേക്കും | 1 രാജാക്കന്മാർ 17 : 1–16<br>സങ്കീ. 107 : 1–15<br>ഗലാത്യർ 2:1–10<br>മത്തായി 13 : 47–52 | എബ്രഹാം ലിങ്കൺ<br>ആൽബി റാവറി<br>നിഷ യേശുദാസ് |
| 14.08.2022<br>9.30 am | പെന്തെക്കോസ്തിന് പിൻപ്<br>പത്താം ഞായർ<br>യുവജന ഞായർ<br>യുവജനങ്ങൾ ക്രിസ്തുവിനോടൊപ്പം<br>പ്രവൃത്തി പഥത്തിൽ | ദാനിയേൽ 11:1–17<br>സങ്കീർത്തനങ്ങൾ 98<br>അപ്പൊ. പ്രവ. 6:1–7<br>യോഹന്നാൻ 1 :35–42 | യുവജനസഖ്യ<br>അംഗങ്ങൾ |
| 21.08.2022<br>9.30 am<br>വി.സ. | പെന്തെക്കോസ്തിന് പിൻപ്<br>പതിനൊന്നാം ഞായർ<br>വിശുദ്ധ സംസർഗ്ഗം<br>എന്ന കൂദാശ | പുറപ്പാട് 12:1–14<br>സങ്കീർത്തനങ്ങൾ 42<br>1 കൊരിന്ത്യർ 10:14–22<br>ലൂക്കോസ് 22:7–20 | തോമസ് ചാക്കോ<br>ജെമീമ<br>നിസ്സി ജോബ് |
| 28.08.2022<br>9.30 am | പെന്തെക്കോസ്തിന് പിൻപ്<br>പന്ത്രണ്ടാം ഞായർ<br>ദൈവവും എല്ലാ<br>വിശ്വാസങ്ങളിലെ ജനവും | ആമോസ് 9 : 1–12<br>സങ്കീർത്തനങ്ങൾ 66<br>റോമർ 2 : 17–29<br>യോഹന്നാൻ 10 : 14–18 | സജി ജോസഫ്<br>ജിതിൻ സി.ജെ.<br>മേരി തമ്പി |
| 04.09.2022<br>9.30 am<br>വി.സ. | പെന്തെക്കോസ്തിന് പിൻപ്<br>പതിമൂന്നാം ഞായർ<br>സഭയുടെ ശുശ്രൂഷയാകുന്ന<br>വിദ്യാഭ്യാസം | നെഹെമ്യാവ് 8 : 1–8<br>സങ്കീർത്തനങ്ങൾ 119<br>അപ്പൊ. പ്രവ. 18:24–28<br>മത്തായി 5 : 1–12 | റിച്ചാർഡ്സൺ ജേക്കബ്<br>ജിനി സി. എൻ.<br>ബിൻസി ഷിജോ |

**ഭവന പ്രാർത്ഥനകൾ**

13.08.2022 6 pm ജെയ്സൻ സി.എം., ചെറുകാക്കശ്ശേരി, കുറുക്കൻപാറ
27.08.2022 6 pm റീന തമ്പി, ഇരവിമംഗലം, കക്കാട്

**സംഘടനാ യോഗങ്ങൾ**

07.08.2022 11.30 am സ്ത്രീജനസഖ്യം യൂണിറ്റ് മീറ്റിംഗ്
21.08.2022 11.30 am യുവജനസഖ്യം യൂണിറ്റ് മീറ്റിംഗ്

**തൃശ്ശൂർ ഏരിയ യുവജന സമ്മേളനം**

13.08.2022 9.30 am - 1 pm സി.എസ്.ഐ. സെന്റ് പോൾസ് ഇടവക, കുന്നംകുളം

**ദശാംശ സമർപ്പണം**

21.08.2022 ആരാധനാ മദ്ധ്യേ

**ഫുഡ് ഫെസ്റ്റ്**

07.08.2022 11.30 am ക്വയർ സംഘടനയുടെ ധനശേഖരണാർത്ഥം

**ഗാനപരിശീലനം**

എല്ലാ ഞായറാഴ്ചയും 12 pm ന്

***കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ ഇടവക പട്ടക്കാരൻ***


**CSI പാഴ്സനേജ്, കുന്നംകുളം**
**04885 227077, 8296547933**

**റവ. ഷിബുമോൻ സി.കെ.**
**Mob: 9744077022**